നടപടിയുണ്ടായിരുന്നു. ഗവൺമെന്റ് ഇപ്രാവശ്യം അവർക്ക് സഹായം കൊടുക്കുന്നതിനും അനുമതി കൊടുത്തുകൊണ്ടുള്ള നടപടി എടുത്തിട്ടുണ്ട്. കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന സംഘങ്ങൾക്ക് മാത്രമാണ് ഇത് കൊടുക്കുന്നത്. അതുകൊണ്ട് അത് പുനഃപരിശോധന നടത്തുന്നതിനാവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്നുണ്ട്. കൃഷിക്കാർ പാലിന്റെ വില ഒരു രൂപ കൂടുതൽ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വർദ്ധനവ് സംബന്ധിച്ച് മിൽമയും റെക്കമെന്റ് ചെയ്തിട്ടുണ്ട്. ഗവൺമെന്റ് അതിനെപ്പറ്റിയുള്ള തീരുമാനവും അടുത്തുതന്നെ എടുക്കും.

(8) പ്രവാസിമലയാളികളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള കമ്മിഷൻ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വിദേശത്ത് ജോലിചെയ്യുന്നവരും ജോലിയിൽനിന്ന് തിരിച്ചുവന്നവരുമായ പ്രവാസികളായ ആളുകൾക്ക് ധാരാളം പ്രശ്നങ്ങൾ ഉണ്ടെന്ന് എല്ലാപേർക്കും അറിയാം. ആ പ്രശ്നങ്ങളുടെ സ്ഥായീസ്വഭാവവും വൈപുല്യവും സങ്കീർണ്ണതയും കണക്കിലെടുത്ത് ആഴത്തിൽ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിക്കേണ്ട ആവശ്യമാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രവാസികളായ മലയാളികൾ വിദേശത്ത് ജോലി ചെയ്യുന്നവരും വിദേശത്തുപോയി മടങ്ങിവന്നിട്ടുള്ളവരും അതിന് പുറമേ കേരളത്തിന് പുറത്തുള്ള മറുനാടൻ മലയാളികൾ ഈ മൂന്ന് വിഭാഗത്തിൽപ്പെട്ട ആളുകളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചിട്ടുള്ളത്. അതിന്റെ ആഭിമുഖ്യത്തിൽ ഇന്ന് ഇപ്പോൾ റൂട്ട്സ് എന്നുപറയുന്ന ഒരു ഏജൻസി ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിയുണ്ട്. ഇപ്പോൾത്തന്നെ വളരെയേറെ ആശ്വാസകരമായ പ്രവർത്തനങ്ങൾ മറുനാടൻ മലയാളികൾക്കായി ഒരു ക്ഷേമനിധി ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സുനാമി വന്ന സമയത്ത് മദ്രാസിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് മൂന്നുലക്ഷത്തി അറുപതിനായിരം രൂപ ഈ ഫണ്ടിൽനിന്ന് കൊടുത്തു. അതുപോലെതന്നെ സാമൂഹ്യസുരക്ഷാ പദ്ധതി, പ്രവാസി സ്വാശ്രയ എമർജൻസി റീപാർട്ടിയേഷൻഫണ്ട്, ഇത് ആരെങ്കിലുമൊക്കെ കബളിപ്പിച്ച് മറ്റു രാജ്യങ്ങളിൽപ്പോയി തിരിച്ചുവരാൻ സാധിക്കാതെവരുന്ന ആൾക്കാരെ തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ഫണ്ട്, അതുപോലെ വിദേശത്തുവച്ച് മരിക്കുന്നവരുടെ മൃതദേഹം കൊണ്ടുവരുന്നതിനുള്ള പ്രത്യേക സഹായം, അതിനുവേണ്ടി ഒരു പ്രത്യേക തുകതന്നെ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അങ്ങനെ പലവിധത്തിലുള്ള പരിപാടികൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റ് നേരിട്ട് അത് സംബന്ധിച്ച് ഒരു മറുപടി പറയുന്നില്ല. പക്ഷേ അത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചചെയ്യാൻവേണ്ടി പ്രവാസി സംഘടനകളുടെ ഒരു യോഗം ഉടനെതന്നെ വിളിച്ചുകൂട്ടി ഇന്ന് നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമപ്രവർത്തനങ്ങളിൽ എന്തെങ്കിലും കുറവുകളുണ്ടോ എന്നുള്ളത് സംബന്ധിച്ച അഭിപ്രായങ്ങൾ അറിയാൻ ആഗ്രഹിക്കുന്നു. അതുപോലെ പുതിയ എന്തെല്ലാം പരിപാടികൾ വേണം, ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻകഴിയുന്ന പരിപാടികൾ ഏതൊക്കെയെന്നുള്ള രണ്ടുതരത്തിലുള്ള ചർച്ചകൾ നടത്തുന്നതിനുവേണ്ടി ഈ കാര്യങ്ങളിൽ താൽപ്പര്യമുള്ള എം.എൽ.എ.-മാരേയും വിവിധ സംഘടനകളേയും വിളിച്ചുകൂട്ടി ചർച്ച ചെയ്യുന്നതാണ്.

(9) തൃശ്ശൂർ ജില്ലയിലെ വൈരക്കൽ പോളിഷിംഗ് വ്യവസായം വികസിപ്പിക്കുന്നതിനാവശ്യമായ നടപടി

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, തൃശ്ശൂർ ജില്ലയിലെ പ്രത്യേകിച്ച് കുന്നംകുളം നിയോജകമണ്ഡലത്തിലെ പരിസര പ്രദേശങ്ങളിലുള്ള ഏഴ് പഞ്ചായത്തുകളിൽ കഴിഞ്ഞ നാല് ദശാബ്ദമായി ജോലിചെയ്തുകൊണ്ടിരുന്ന 25,000-ത്തോളം വൈരക്കൽ പോളിഷിംഗ് തൊഴിലാളികളും ആ യൂണിറ്റും ഏറ്റവും അധികം തകർച്ചയെ നേരിടുകയാണ്. ഗവൺമെന്റിന്റെ വളരെ വർഷങ്ങളായിട്ടുള്ള അവഗണനകൊണ്ടും സഹായങ്ങളുടെ കുറവുകൊണ്ടും ചെറിയ തൊഴിൽത്തർക്കങ്ങൾകൊണ്ടും തൊഴിലാളികൾ ഗുജറാത്ത് സ്റ്റേറ്റിലെ സൂറ്റിൽ പോയിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യം നിയമസഭയിൽത്തന്നെ 1991-മുതൽ വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബ് ഭരത്ഭൂഷൺ കമ്മിഷനെ നിയമിക്കുകയും അതിന്റെ റിപ്പോർട്ട് വാങ്ങിക്കുകയും ചെയ്തു. അതിനെത്തുടർന്ന് ഗവൺമെന്റ് അന്നത്തെ ബഡ്ജറ്റിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുമെന്ന് വാഗ്ദാനം ചെയ്യുകയുണ്ടായി. അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിതന്നെ വ്യവസായ വകുപ്പ് സെക്രട്ടറിയെ നിയമിച്ചുകൊണ്ട് ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയുണ്ടായി. ഈ റിപ്പോർട്ട് ഗവൺമെന്റിന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. ഇങ്ങനെ രണ്ടുമൂന്ന് റിപ്പോർട്ടുകളും ജില്ലാ പഞ്ചായത്തിന്റെ റിപ്പോർട്ടും ഉൾപ്പെടെ നിരവധി റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. അവിടെ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ആവശ്യമായ സഹായങ്ങൾ ലഭിക്കാത്തതുകൊണ്ടും ആ വ്യവസായം തകർന്നുകൊണ്ടിരിക്കുകയാണ്. ഗുജറാത്ത് സ്റ്റേറ്റിൽ ടാക്സ് അനുവദിച്ചിട്ടില്ല. ഇവിടെ നാലു ശതമാനം ടാക്സ് അനുവദിച്ചിരിക്കുകയാണ്. അതുപോലെതന്നെ ഗവൺമെന്റിൽനിന്ന് ഇലക്ട്രിസിറ്റിയുടേയോ എന്തെങ്കിലും സഹായങ്ങൾ ഈ യൂണിറ്റുകൾക്ക് ലഭിക്കുന്നില്ല. തൊഴിലാളികൾക്കാണെങ്കിൽ ഫാക്ടറീസ് ആക്ട് പ്രകാരമുള്ള ഒരു സഹായവും ലഭിക്കുന്നില്ല. തൊഴിലില്ലായ്മകൊണ്ട് ബുദ്ധിമുട്ടുന്ന ഈ സന്ദർഭത്തിൽ, ലക്ഷക്കണക്കിന് രൂപ ചെലവുചെയ്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്ന സന്ദർഭത്തിൽ ആയിരക്കണക്കിന് തൊഴിലാളികൾക്ക് ഒരു പ്രയാസവുമില്ലാതെ ജോലി കിട്ടേണ്ട ഈ അവസരത്തിൽ, ബഹുമാനപ്പെട്ട സ്പീക്കർപോലും അദ്ദേഹത്തിന്റെ രണ്ടു പഞ്ചായത്തുകളുടെ പ്രശ്നം ഇവിടെ അവതരിപ്പിച്ചതാണ് എന്ന് എനിക്കറിയാം. ഇത്രയധികം ആളുകൾക്ക് തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly